# വെളിപ്പാട് പുസ്തകം – ഒരു പഠനം

## വെളിപ്പാടു പുസ്തകം – മുഖവുര

വെളിപ്പാടുപുസ്തകം ഇതര പുതിയനിയമ ഗ്രന്ഥങ്ങളിൽ നിന്നും തികെച്ചും വ്യത്യസ്ഥമാണ്. ഇന്ന് ലഭ്യമായ മറ്റു പുസ്തകങ്ങളൊന്നും ഇതിലെ ഉള്ളടക്കവുമായി സാമ്യപ്പെടുത്താവതല്ല. അതുകൊണ്ടുതന്നെ, ഈ പുസ്തകം വായിക്കുവാൻ തന്നെ ചിലർക്ക് ഭയമാണ്! മറ്റുചിലർക്ക് ഇത് ദുർഗ്രഹമായ വിഷയവും!! വാസ്തവത്തിൽ വരുവാനുള്ള കാര്യങ്ങളെ നാം ഗ്രഹിക്കേണ്ടതിന് എഴുതപ്പെട്ട പുസ്തകമാണ് വെളിപ്പാടുപുസ്തകം.

ഭാവികാല സംഭവങ്ങളെ ചുരുൾ നിവർത്തിക്കാണിക്കുന്ന ബൈബിളിലെ യെഹെസ്കേൽ, ദാനിയേൽ, സെഖര്യാവ് ഏന്നീ പഴയനിയമ പുസ്തകങ്ങളോടും മത്തായി 24-ാം അദ്ധ്യായത്തോടും ഈ പുസ്തകത്തിന് വിഷയ സംബന്ധമായ അടുപ്പമുണ്ട്.

## വെളിപ്പാടു പുസ്തകത്തിന്റെ എഴുത്തുകാരൻ

വെളിപ്പാടുപുസ്തകം കർത്താവിന്റെ അപ്പൊസ്തലനായ യോഹന്നാൻ എഴുതിയതാണ്.

⇒ ഈ പുസ്തകത്തിൽ യോഹന്നാൻ തന്നെ നാലുപ്രാവശ്യം ഈ കാര്യം പറഞ്ഞിട്ടുണ്ട്..
**(വെളി. 1:1, 1:4, 1:9, 22:8)**

⇒ യോഹന്നാന്റെ സുവിശേഷത്തിലും ലേഖനങ്ങളിലും ഉപയോഗിച്ചിട്ടുള്ള പ്രത്യേക പദങ്ങൾ ഈ പുസ്തകത്തിലൂം ഉപയോഗിച്ചിട്ടുണ്ട്..

**ഉദാഹരണം:**

⇒ യേശുക്രിസ്തുവിനെ <u>വചനം</u> എന്ന അർത്ഥമുള്ള <u>ലോഗോസ്</u> എന്ന് വിളിച്ചത്.
**(വെളി. 19:13 യോഹ. 1:1, 1യോഹ. 1:1)**

⇒ യേശുക്രിസ്തുവിനെ <u>ദൈവത്തിന്റെ കുഞ്ഞാട്</u> എന്ന് വിളിച്ചത്.
**(വെളി. 5:6; വെളി. 6:1; വെളി. 7:9; വെളി. 12:11; വെളി. 13:8; വെളി. 14:1; വെളി. 15:3;**
**വെളി. 17:14; വെളി. 19:9; വെളി. 21:22, യോഹ 1:36** ഇതാ, ദൈവത്തിന്റെ കുഞ്ഞാട്.)

⇒ യേശുവിന്റെ മാർവ്വിടം <u>കുത്തിത്തുളച്ചത്</u> യോഹന്നാൻ മാത്രമേ പറഞ്ഞിട്ടുള്ളു **(വെളി. 1:7, യോഹ 19:34)**

⇒ വെളിപ്പാടുപുസ്തകം അപ്പൊസ്തലനായ യോഹന്നാനാൽ എഴുതപ്പെട്ടതാണെന്ന് സഭാപിതാക്കന്മാരും അംഗീകരിച്ചിട്ടുണ്ട്.

***ജസ്റ്റിൻ മാർട്ടിയർ (എ. ഡി. 165)***

***ഐറേനിയസ് (എ. ഡി. 196) ഇദ്ദേഹം യോഹന്നാന്റെ ശിഷ്യനായിരുന്ന പോളിക്കാർപ്പിന്റെ ശിഷ്യനായിരുന്നു. പോളിക്കാർപ്പിൽ നിന്നും വെളിപ്പാടുപുസ്തകം യോഹന്നാന്റെ ഗ്രന്ഥമാണെന്ന് താൻ ഗ്രഹിച്ചിരുന്നു.***

***ക്ലെമന്റ് – അലക്സാണ്ട്രിയ (എ. ഡി. 220)***

***ഹിപ്പോലിറ്റസ് (എ. ഡി. 236)***

***ഒറീജൻ (എ. ഡി. 254)***

## വെളിപ്പാടു പുസ്തകം എഴുതിയ കാലം

⇒ എ. ഡി. 95-96 കാലഘട്ടത്തിൽ ഈ പുസ്തകം എഴുതപ്പെട്ടതായി വിശ്വസിക്കപ്പെടുന്നു. എ. ഡി. 68-ൽ, നീറോ ചക്രവർത്തിയുടെ കാലത്ത് ഇത് എഴുതപ്പെട്ടതായി കരുതുന്നവരും ഉണ്ട്. എന്നാൽ എ. ഡി. 95-96 (ഡൊമീഷ്യൻ കൈസറുടെ കാലത്ത് ) ഇത് എഴുതപ്പെട്ടതായാണ് കൂടുതൽ പഠിതാക്കൾ വിശ്വസിക്കുന്നത്. ഇതിന് 2 കാരണങ്ങൾ ഉണ്ട്:

1) **<u>നീറോയുടെ കാലത്തെ പീഢനം</u> റോമാനഗരത്തിലുള്ള ക്രിസ്ത്യാനികൾക്കെതിരെ ആയിരുന്നു. റോമാ നഗരത്തിനു നീറോ തീ കൊളുത്തിയിട്ട്, ക്രിസ്ത്യാനികളുടെ മേൽ അതിന്റെ കുറ്റം ആരോപിച്ച് അവരിൽ ആയിരക്കണക്കിനാളുകളെ നീറോ കൊന്നു. എന്നാൽ, ഡൊമീഷ്യൻ ക്രിസ്ത്യാനികളെ റോമൻ സാമ്രാജ്യത്തിൽ നിന്നും ഇല്ലായ്മയാക്കുവാൻ നിയമം ഉണ്ടാക്കുകയും അവരെ നാടുകടത്തുകയും ആയിരുന്നു. യോഹന്നാനെ പത്മോസിലേക്ക് നാടു കടത്തിയതിനാൽ ഇത് ഡൊമീഷ്യന്റ കാലത്ത് നടന്നതായി കരുതാം.**

2) **<u>വെളിപ്പാടിലെ ഏഴുസഭകളുടെ സ്ഥിതിയും പൗലോസിന്റെ കാലത്തെ സഭകളുടെ സ്ഥിതിയും</u> (എ. ഡി. 60-80) വ്യത്യസ്തമാണ്. എഫസോസ് സഭ ആദ്യസ്നേഹം വിട്ടുകളഞ്ഞതും, സർദ്ദിസ് സഭ നിർജ്ജീവമായതും എ. ഡി. 95-96 കാലത്തെ ന്യായീകരിക്കുന്നു.**

## വെളിപ്പാടു പുസ്തകം ആർക്കുവേണ്ടി എഴുതി

⇒ വെളിപ്പാടുപുസ്തകം പ്രാഥമികമായി ഏഷ്യാമൈനറിലെ എഫസോസ്, സ്മുർന്ന, പെർഗ്ഗമോസ്, തുയഥൈര, സർദ്ദിസ്, ഫിലെദെൽഫിയ, ലവോദിക്യ (1:4; 2:1; 3:22) എന്നീ ഏഴു സഭകൾക്ക് എഴുതിയതാണ്. എങ്കിലും, ഇതിലെ സന്ദേശം സ്ഥലകാല വ്യത്യാസം കൂടാതെ എല്ലാ ദൈവസഭകൾക്കും ദൈവമക്കൾക്കും ഉള്ളതാണ്.

## വെളിപ്പാടു പുസ്തകത്തിന്റെ ഉദ്ദേശം

⇒ **പെട്ടെന്നുള്ള ഉദ്ദേശം**
ഇതാ ഞാൻ വേഗം വരുന്നു! എന്ന യേശുക്രിസ്തുവിന്റെ സന്ദേശം എഷ്യാമൈനറിലെ ഏഴു സഭകളെ അറിയിക്കുക. (വെളി. 2:16; വെളി. 3:11; വെളി. 22:7, 12, 20) കാരണം, അവർക്ക് ഉത്തേജനത്തിനും മുന്നറിയിപ്പിനും ഈ സന്ദേശം അന്ന് ആവശ്യമായിരുന്നു.

⇒ **ചരിത്രപരമായ ഉദ്ദേശം**
ഇതാ ഞാൻ വേഗം വരുന്നു! എന്ന യേശുക്രിസ്തുവിന്റെ സന്ദേശം സ്ഥലകാല വ്യത്യാസം ഇല്ലാതെ എല്ലാ സഭകളെയും അറിയിക്കുക. (വെളി. 2:16; വെളി. 3:11; വെളി. 22:7, 12, 20) കാരണം, എല്ലാ ദൈവമക്കൾക്കും ഉത്തേജനത്തിനും മുന്നറിയിപ്പിനും ഈ സന്ദേശം ഉതകും.

⇒ **ദൈവിക ഉദ്ദേശം**
സഭയ്ക്കും ലോകത്തിനും യേശുക്രിസ്തുവിന്റെ വെളിപ്പാട് **(വെളി. 1:1)** നൽകുക. കാരണം, ഈ വെളിപ്പാട് മഹത്വ ധാരിയായ യേശുക്രിസ്തുവിന്റെ വ്യക്തിത്വത്തെയും അവിടുന്ന് ചരിത്രത്തിന്റെ വിധികർത്താവാണ് എന്നതും വെളിപ്പെടുത്തുന്നതാണ്. യേശുക്രിസ്തു മാത്രമാണ് വിധിയുടെ പുസ്തകവും ലോകത്തിന്റെ ഭാവിയുടെ പുസ്തകവും ദൈവിക വീണ്ടെടുപ്പിൻ ഉദ്ദേശത്തിന്റെ പുസ്തകവും തുറക്കുവാൻ യോഗ്യൻ എന്ന് വെളിപ്പെടുത്തുക.

## വെളിപ്പാടു പുസ്തകത്തിന്റെ സവിശേഷതകൾ

⇒ വെളിപ്പാടുപുസ്തകം **ഒരു പ്രവചനപുസ്തകം** ആണ്. ഉയിർത്തെഴുന്നേറ്റ കർത്താവ് ഈ പുസ്തകത്തിലൂടെ വേഗത്തിൽ സംഭവിക്കുവാനുള്ള കാര്യങ്ങളാണ് യോഹന്നാന് വെളിപ്പെടുത്തിയിരിക്കുന്നത്. **(വെളി. 1:1)** പുതിയ നിയമത്തിലെ ഏക പ്രവചനപുസ്തകമാണിത്.

⇒ വെളിപ്പാടുപുസ്തകം അന്ത്യകാലത്തിൽ ജീവിക്കുന്ന **മനുഷ്യവർഗ്ഗത്തോടുള്ള ദൈവത്തിന്റെ അവസാന വാക്കാണ്.**

⇒ വെളിപ്പാടുപുസ്തകം **യേശുക്രിസ്തുവിന്റെ വെളിപ്പാടാണ്.**

⇒ വെളിപ്പാടുപുസ്തകം **വ്യാഖ്യാനിക്കപ്പെടേണ്ട പുസ്തകം ആണ്.**

⇒ വെളിപ്പാടുപുസ്തകം **പഴയ നിയമത്തിന്റെ വ്യാഖ്യാന ഗ്രന്ഥം** ആണ്. പഴയ നിയമത്തിൽ പരാമർശിച്ചിട്ടുള്ള നാനൂറോളം വിഷയങ്ങളുടെ സൂചനകൾ ഈ പുസ്തകത്തിലുണ്ട്.

⇒ വെളിപ്പാടുപുസ്തകം **വെളിപ്പെടുത്തലിന്റെ ഗ്രന്ഥം** ആണ്. ഹാനോക്കിന്റെ പുസ്തകം, യെശയ്യാവിന്റെ സ്വർഗ്ഗാരോഹണം, മോശയുടെ അനുമാനം മുതലായ വെളിപ്പാടുകളുടെ പുസ്തകങ്ങളുണ്ടെങ്കിലും അവയിലൊന്നും എഴുത്തുകാരന്റെ പേരോ അവ ദൈവ വെളിപ്പാടാണ് എന്നതിന് തെളിവോ ഇല്ല. എന്നാൽ, വെളിപ്പാടുപുസ്തകം എഴുതിയ വ്യക്തി ആരെന്നും ഇത് യേശുക്രിസ്തുവിന്റെ വെളിപ്പാടാണെന്നും വ്യക്തമാക്കുന്നു.

⇒ വെളിപ്പാടുപുസ്തകം **പൂർത്തീകരണത്തിന്റെ പുസ്തകം** ആണ്. ഉത്പത്തിയിൽ ആരംഭിച്ച ദൈവിക വീണ്ടെടുപ്പിൻ പദ്ധതി വെളിപ്പാടിൽ പൂർത്തീകരിക്കപ്പെടുന്നു.

വെളിപ്പാടുപുസ്തകം **അനുസരിക്കുന്നവരെ അനുഗ്രഹിക്കുന്ന പുസ്തകം** ആണ്.
ഈ പുസ്തകം വായിക്കുന്നവർക്കും വായിച്ചു കേൾപ്പിക്കുന്നവർക്കും ഇതിൽ എഴുതിയിട്ടുള്ളത് അനുസരിക്കുന്നവർക്കും അനുഗ്രഹം വാഗ്ദാനം ചെയ്തിരിക്കുന്നു. **(വെളി. 1:3; 22:18)**

## വെളിപ്പാടു പുസ്തകം : രൂപരേഖ

1) ദൈവദാസന്മാർക്കുള്ള മഹത്തായ വെളിപ്പാട് 1:1 – 8
2) ദർശനം 1) : തേജസ്കരിക്കപ്പെട്ട മനുഷ്യപുത്രൻ 7 സഭകൾക്ക് നൽകിയ സന്ദേശങ്ങൾ 1:9 – 3:22
3) ദർശനം 2) : 4:1 – 16:21 മേലാൽ സംഭവിക്കുവാനുള്ള കാര്യങ്ങൾ 4:1 – 5:14
4) ഏഴു മുദ്രകൾ : മഹാപീഠനത്തിനു മുമ്പുള്ള ന്യായവിധികൾ 6:1 – 7:17
5) ഏഴു കാഹളങ്ങൾ : മഹാപീഠന കാലത്തുള്ള ന്യായവിധികൾ 8:1 – 11:19
6) ഏഴാം കാഹളം – ഭാഗം 1 : രണ്ട് ആത്മിക അത്ഭുതങ്ങൾ 12:1 – 17
7) ഏഴാം കാഹളം – ഭാഗം 2 : മഹാസർപ്പവും രണ്ടു മൃഗങ്ങളും 13:1 – 18
8) ഏഴാം കാഹളം – ഭാഗം 3 : കുഞ്ഞാട് വിജയം ഉറപ്പാക്കുന്നു 14:1 – 20
9) ഏഴാം കാഹളം – ഭാഗം 4 : മൂന്നാം അത്ഭുതം – ഏഴുകലശങ്ങളുടെ ന്യായവിധി 15:1 – 16:21
10) ദർശനം 3) : 17:1 – 20:15 – രാഷ്ട്രീയ – മത ബാബിലോണുകളുടെ ന്യായവിധി 17:1 – 18:24
11) കുഞ്ഞാടിന്റെ കല്യാണം 19:1 – 10
12) കുഞ്ഞാടിന്റെ അവസാന വിജയം – സഹസ്രാബ്ദവാഴ്ച 19:11 – 20:15
13) ദൈവിക നിത്യത – പുതുവാനഭൂമിയും പുതിയയെരുശലേമും 21:1 – 22:5
14) വെളിപ്പാടു പുസ്തകത്തിന്റെ മഹാസന്ദേശം 22:6 – 21

## 1. ദൈവദാസന്മാർക്കുള്ള മഹത്തായ വെളിപ്പാട് 1:1 – 8

1) മഹത്തായ വെളിപ്പാട് 1:1 – 3
2) സഭകൾക്കുള്ള മഹത്തായ സന്ദേശങ്ങൾ 1:4 – 8

- മഹത്തായ വെളിപ്പാട് 1:1 – 3

⇒ ഈ വെളിപ്പാട് പിതാവാം ദൈവം ക്രിസ്തുവിന് നൽകി 1:1

⇒ ഈ വെളിപ്പാട് വേഗത്തിൽ സംഭവിക്കുവാനുള്ളതാണ് 1:1

⇒ ഈ വെളിപ്പാട് ക്രിസ്തു ദൂതൻ മുഖാന്തരം യോഹന്നാന് പ്രദർശിപ്പിച്ചു 1:1

***യേശുക്രിസ്തുവിന്റെ വെളിപ്പാട്: വേഗത്തിൽ സംഭവിക്കുവാനുള്ളത് തന്റെ ദാസന്മാരെ കാണിക്കേണ്ടതിനു ദൈവം അത് അവനു കൊടുത്തു. അവൻ അത് തന്റെ ദൂതൻ മുഖാന്തരം അയച്ചു തന്റെ ദാസനായ യോഹന്നാനു പ്രദർശിപ്പിച്ചു. (1:1)***

⇒ യോഹന്നാൻ, താൻ കണ്ടതും കേട്ടതും സാക്ഷീകരിച്ചു. 1:2

***അവൻ ദൈവത്തിന്റെ വചനവും യേശുക്രിസ്തുവിന്റെ സാക്ഷ്യവുമായി താൻ കണ്ടത് ഒക്കെയും സാക്ഷീകരിച്ചു. (1:2)***

⇒ ഈ വെളിപ്പാട് വായിച്ചുകേൾപ്പിക്കുന്നവനെയും, കേൾക്കുന്നവരെയും അനുസരിക്കുന്നവരെയും ദൈവം അനുഗ്രഹിക്കുന്നു. 1:3

***ഈ പ്രവചനത്തിന്റെ വാക്കുകളെ വായിച്ചു കേൾപ്പിക്കുന്നവനും കേൾക്കുന്നവരും അതിൽ എഴുതിയിരിക്കുന്നതു പ്രമാണിക്കുന്നവരും ഭാഗ്യവാന്മാർ; സമയം അടുത്തിരിക്കുന്നു. (1:3)***

## 1. ദൈവദാസന്മാർക്കുള്ള മഹത്തായ വെളിപ്പാട് 1:1 – 8

1) മഹത്തായ വെളിപ്പാട് 1:1 – 3

**2) സഭകൾക്കുള്ള മഹത്തായ സന്ദേശങ്ങൾ 1:4 – 8**

1. കൃപയും സമാധാനവും നിങ്ങൾക്കുള്ളത് 1:4 - 5
2. യേശുക്രിസ്തു മഹത്വത്തിനും ബലത്തിനും യോഗ്യൻ 1:6
3. യേശുക്രിസ്തു മേഘാരൂഢനായി വരുന്നു 1:7
4. യേശുക്രിസ്തു സർവ്വശക്തിയുള്ള ദൈവം 1:8

**1. കൃപയും സമാധാനവും നിങ്ങൾക്കുള്ളത് 1:4 – 5**

***യോഹന്നാൻ ആസ്യയിലെ ഏഴു സഭകൾക്കും എഴുതുന്നത്: ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമായവങ്കൽനിന്നും അവിടുത്തെ സിംഹാസനത്തിന്മുമ്പിലുള്ള ഏഴ് ആത്മാക്കളുടെ പക്കൽനിന്നും വിശ്വസ്തസാക്ഷിയും മരിച്ചവരിൽ ആദ്യജാതനും ഭൂരാജാക്കന്മാർക്ക് അധിപതിയും ആയ യേശുക്രിസ്തുവിങ്കൽനിന്നും നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ. (1:4 – 5)***

**യേശുക്രിസ്തു:**

⇒ വിശ്വസ്ത സാക്ഷി യോഹ. 3:11, 8:14, 18:37

⇒ മരിച്ചവരിൽ ആദ്യജാതൻ 1 കൊരി. 15:20

⇒ രാജാധിരാജാവ് 1 തിമൊ. 1:17, 6:15

⇒ **കൃപ** (കാരുണ്യം, കനിവ്, അനുകമ്പ, പ്രീതി, ദയ, ഒത്താശ)
പ്രാപിക്കുവാൻ നാം യോഗ്യരല്ലെങ്കിലും യേശുക്രിസ്തു മുഖാന്തരം ദൈവം നമ്മോട് കൃപ കാട്ടുന്നു.

⇒ **സമാധാനം** (വൈര്യം ഇല്ലാത്ത അവസ്ഥ, ശാന്തി) ദൈവത്തോടും മനുഷ്യനോടും സമാധാന ബന്ധം പുലർത്തുവാൻ യേശുക്രിസ്തു മുഖാന്തരം സാധ്യം. (റോമ.5:1)

⇒ **കൃപയും സമാധാനവും നിത്യനായ (ഇരിക്കുന്നവൻ, ഇരുന്നവൻ, വരുന്നവൻ) ദൈവത്തിൽ നിന്നുമുള്ളത്** (കൊലൊ. 1:2) നമ്മുടെ പിതാവായ ദൈവത്തിങ്കൽനിന്നു നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ.)

⇒ **കൃപയും സമാധാനവും പരിശുദ്ധാത്മാവാം ദൈവത്തിൽ നിന്നുമുള്ളത്.**
(ഏഴു ആത്മാക്കൾ = പൂർണ്ണതയുള്ള ആത്മാവ്) (റോമ. 8:11, ഗലാ. 5:21- 23)

⇒ **കൃപയും സമാധാനവും യേശുക്രിസ്തുവിൽ നിന്നുമുള്ളത്.**
ഗലാ. 1:4 നമ്മുടെ കർത്താവായ യേശുക്രിസ്തുവിങ്കൽനിന്നും നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ.

**2. യേശുക്രിസ്തു മഹത്വത്തിനും ബലത്തിനും യോഗ്യൻ 1:6**

***നമ്മെ സ്നേഹിക്കുന്നവനും നമ്മുടെ പാപം പോക്കി നമ്മെ തന്റെ രക്തത്താൽ വിടുവിച്ചു തന്റെ പിതാവായ ദൈവത്തിനു നമ്മെ രാജ്യവും പുരോഹിതന്മാരും ആക്കിത്തീർത്തവനുമായവന് എന്നെന്നേക്കും മഹത്ത്വവും ബലവും; ആമേൻ. (1:6)***

- **യേശുക്രിസ്തു:**

⇒ നമ്മെ സ്നേഹിക്കുന്നവൻ

⇒ നമ്മുടെ പാപം പോക്കിയവൻ

⇒ നമ്മെ തന്റെ രക്തത്താൽ വിടുവിച്ചവൻ

⇒ നമ്മെ തന്റെ പിതാവാം ദൈവത്തിനു രാജാക്കന്മാരും പുരോഹിതന്മാരും ആക്കിയവൻ **1 പത്രോ. 2:5**

**3. യേശുക്രിസ്തു മേഘാരൂഢനായി വരുന്നു 1:7**

***ഇതാ, അവൻ മേഘാരൂഢനായി വരുന്നു; ഏതു കണ്ണും, അവനെ കുത്തിത്തുളച്ചവരും അവനെ കാണും; ഭൂമിയിലെ ഗോത്രങ്ങൾ ഒക്കെയും അവനെച്ചൊല്ലി വിലപിക്കും. ഉവ്വ്, ആമേൻ. (1:4)***

**4. യേശുക്രിസ്തു സർവ്വശക്തിയുള്ള ദൈവം 1:8**

***ഞാൻ അല്ഫയും ഓമേഗയും ആകുന്നു എന്ന് ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമായി സർവ്വശക്തിയുള്ള ദൈവമായ കർത്താവ് അരുളിച്ചെയ്യുന്നു. (1:8)***

*(തുടരും..)*